പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2340 **27-10-2026-ൽ മറുപടിയ്ക്ക്**

അനധികൃത മണ്ണെടുപ്പ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഉമ തോമസ് ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ്
മന്ത്രി)

(എ) അനധികൃത മണ്ണെടുപ്പ് തടയുന്നതിനായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

മറുപടി: കേരളത്തിലെ എല്ലാ ജില്ലകളിലും മൈനിങ്ങ് & ജിയോളജി വകുപ്പിന് കീഴിൽ ജില്ലാ മിനറൽ സ്ക്വാഡുകൾ രൂപീകരിച്ച് അതാത് ജില്ലകളിലെ അനധികൃത ഖനനവും കടത്തും തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ അനധികൃത മണ്ണെടുപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയും എത്ര വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്;

മറുപടി: കഴിഞ്ഞ 5 വർഷത്തിനിടെ അനധികൃത മണ്ണെടുപ്പുമായി ബന്ധപ്പെട്ട് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു

സാമ്പത്തിക വർഷം	കേസുകളുടെ എണ്ണം
2021-22	3094
2022-23	4272
2023-24	4171
2024-25	3673
2025-26	3541

ലഭ്യമായ വിവരം അനുസരിച്ച് പിടിച്ചെടുത്ത വാഹനങ്ങളുടെ എണ്ണം 15531ആണ്.

(സി) അനധികൃത മണ്ണെടുപ്പ് മൂലം പരിസ്ഥിതിക്കും ജലസ്രോതസ്സുകൾക്കും ഉണ്ടാകുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

മറുപടി: 20000 ചതുരശ്രമീറ്റർ വരെ പ്ലിന്ത് ഏരിയായുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും സർക്കാർ പ്രവർത്തികൾക്കും "ഖനനം" എന്ന നിർവചനത്തിനുള്ളിൽ വരാത്ത പ്രവർത്തികൾക്കായി സർക്കാർ അനുവദിക്കുന്ന പ്രത്യക അനുമതികൾക്കുമൊഴികെ മണ്ണ് നീക്കം ചെയ്യുന്ന എല്ലാ പ്രവൃത്തികൾക്കും പാരിസ്ഥിതികാനുമതി ആവശ്യമാണ്. പാരിസ്ഥിതികാനുമതി ഹാജരാക്കുന്ന മുറക്ക് മാത്രമേ വകുപ്പിൽ നിന്നും ഖനനാനുമതി നൽകാറുള്ളൂ

(ഡി) അനധികൃത മണ്ണെടുപ്പ് തടയുന്നതിനായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി കർശന പരിശോധനയും നടപടികളും സ്വീകരിക്കുന്നതിന് നടപടി ഉണ്ടാകുമോ?

മറുപടി: 3000 ചതുരശ്ര അടി (278.7 ചതുശ്ര മീറ്റർ) വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 3000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിങ് ആൻറ് ജിയോളജി വകുപ്പിൽ നിന്നുമാണ് അനുമതി നൽകിവരുന്നത്. ഇപ്രകാരമുള്ള അനുമതികളിൽ പരാതികൾ ലഭിക്കുന്ന സാഹചര്യങ്ങളിൽ തദ്ദേശ സ്വയം ഭരണ വകുപ്പും മൈനിങ് ആൻഡ് ജിയോളജി വകുപ്പും സയുക്ത പരിശോധന നടത്തിയയാണ് നടപടി സ്വീകരിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ